പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1632** **04.12.2018- ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിന്റെ പുനരുജ്ജീവനം**

| **ചോദ്യം**<br>**ശ്രീ.എം.വിൻസെന്റ്** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) കുട്ടനാട് പാക്കേജ് പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. കുട്ടനാട് പാക്കേജ് പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ കേന്ദ്രകൃഷി വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് വിശദമായി ഡൽഹിയിൽ വച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിനായി താഴെ പറയുന്ന 9 അംഗങ്ങൾ അടങ്ങുന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ചു.<br>1. കാർഷികോൽപ്പാദന കമ്മീഷണർ - കൺവീനർ<br>2. കാർഷിക സർവ്വകലാശാലവൈസ് ചാൻസലർ - മെമ്പർ<br>3. കൃഷി ഡയറക്ടർ - മെമ്പർ<br>4. സോയിൽ കൺസർവേഷൻ & സോയിൽ സർവ്വേ ഡയറക്ടർ - മെമ്പർ<br>5. ഡോ.ജയകുമാരൻ , സ്പെഷ്യൽ ഓഫീസർ (KKS &ASC)- മെമ്പർ<br>6. ഡോ.പി,രാജശേഖരൻ - സംസ്ഥാന വില നിർണ്ണയ ബോർഡ് ചെയർമാൻ - മെമ്പർ<br>7. ശ്രീ. നാഗേഷ് , ചീഫ് (അഗ്രി) പ്ലാനിംഗ് ബോർഡ് - മെമ്പർ<br>8. ഡോ. കെ.ജി.പത്മകുമാർ,ഡയറക്ടർ, അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലനകേന്ദ്രം, കുട്ടനാട്- മെമ്പർ.<br>9. ശ്രീ.പി.എസ്. രാജീവ്, കേരളാ ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ- മെമ്പർ<br>പ്രസ്തുത കോർ കമ്മിറ്റിയുടെ ആദ്യ യോഗം 12/10/2018-ന് ബഹു. കാർഷികോൽപ്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കുട്ടനാടിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളെ കുറിച്ചും |

| | |
|---|---|
| | കൃഷി നടത്തുന്നതിനും വെള്ളം സുഗമമായി ഒഴുകി പോകേണ്ടതിന് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. അടുത്തിടെയുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിലാകണം പുതിയ പദ്ധതി തയ്യാറാക്കപ്പെടേണ്ടതെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജിന്റെ കരട് TOR (Terms of reference) തയ്യാറാക്കുന്നതിനായി അന്താരാഷ്ട്ര കായൽ കൃഷി കേന്ദ്രം ഡയറക്ടറെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കുട്ടനാട് പാക്കേജിന്റെ പുനരുജ്ജീവനത്തിനായി എത്ര കോടി രൂപ ആവശ്യമായി വരും; ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) പാക്കേജ് രൂപീകരണം ആരംഭദിശയിലായതിനാൽ ആവശ്യമായ തുക തിട്ടപ്പെടുത്തിയിട്ടില്ല. |

Sumathi (signature)

**സെക്ഷൻ ഓഫീസർ**